# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 10-05-2013

## അധ്യാപക-വിദ്യാർത്ഥി അനുപാതം- സ്കൂൾ അടിസ്ഥാനത്തിൽ കണക്കാക്കുന്ന ഉത്തരവ് പിൻവലിക്കണം

**-കെ എസ് ടി എ**

**വിവിധ ക്ലാസുകളിലെ കുട്ടികളെ ഒരുമിച്ചു കണക്കാക്കി ഡിവിഷനുകൾ നിശ്ചയിക്കുന്ന സർക്കാർ ഉത്തരവ് പിൻവലിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.**

**വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള രീതിയിൽ കുട്ടികളുടെ അനുപാതം കുറയ്ക്കാനാണ് തീരുമാനിച്ചിരുന്നത്. കേരളത്തിൽ ഇത് നടപ്പിലാക്കുന്നതിനുള്ള ചട്ടം രൂപീകരിക്കുന്നതിന്റെ മുന്നോടിയായി ഒന്നുമുതൽ 5 വരെ 1:30 അനുപാതത്തിലും 6 മുതൽ 10 വരെ 1:35 എന്ന അനുപാതത്തിലും ഡിവിഷൻ കണക്കാക്കാൻ എൽ.ഡി.എഫ് സർക്കാർ ഉത്തരവിറക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് പാക്കേജിന് രൂപം നൽകിയത്. ഈ ഉത്തരവുകളെല്ലാം അസാധുവാക്കികൊാണ് എട്ടാംക്ലാസുവരെമാത്രം അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കാൻ ഇപ്പോൾ ഉത്തരവായിരിക്കുന്നത്.**

**അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം നടപ്പിലാക്കാനുള്ള വിദ്യാഭ്യാസ അവകാശനിയമത്തിലെ നേട്ടം ഈ ഉത്തരവിലൂടെ അട്ടിമറിച്ചിരിക്കുകയാണ്. സ്കൂളിൽതന്നെ രുതരത്തിലുള്ള തസ്തിക നിർണ്ണയം നടത്തുന്ന തരത്തിലുള്ള ഉത്തരവ് നിലനിൽക്കുന്നതല്ല. അധിക ഡിവിഷനുകൾ ഉാക്കാനുള്ള സാധ്യതയും ഇതിന്റെ ഭാഗമായി നഷ്ടപ്പെട്ടിരിക്കുകയാണ്. മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളായി പൊതുവിദ്യാലയങ്ങളെ മാറ്റാനുള്ള നീക്കമാണ് ഈ ഉത്തരവിനു പിന്നിൽ. വിദ്യാഭ്യാസ അവകാശ നിയമം യാന്ത്രികമായി നടപ്പിലാക്കി നിലവിലുള്ള സ്കൂൾ സംവിധാനം തകർക്കാനുള്ള നീക്കം അനുവദിക്കില്ലെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ പ്രസ്താവനയിലൂടെ അറിയിച്ചു.**

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി